# പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

## വിഷൻ 100

## അക്കാദമിക മാസ്റ്റർപ്ലാൻ

## ജി.വി.എച്ച്.എസ്.എസ്. നെടുംകണ്ടം

# പൊതുവിദ്യാഭ്യാസ

# സംരക്ഷണ യജ്ഞം

# വിഷൻ 100 – അക്കാദമിക മാസ്റ്റർപ്ലാൻ

**ജി.വി.എച്ച്.എസ്.എസ്. നെടുംകണ്ടം ,685553,**

**ഇടുക്കി (ജില്ല)**

ഫോൺ: 04868 – 232094 E-mail: gvhssndkm@gmail.com

## പൊതുവിവരങ്ങൾ

| | | |
|---|---|---|
| 1. | വിദ്യാലയത്തിന്റെ പേര് : | ഗവ: വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ – നെടുംകണ്ടം |
| | വിലാസം: | നെടുംകണ്ടം . പി.ഒ, ഇടുക്കി ജില്ല. 685553 |
| | ഫോൺ : | 04868 232 094 |
| 2. | സ്കൂൾ കോഡ് | 30040 – ഹൈസ്കൂൾ<br>6075 – ഹയർ സെക്കണ്ടറി<br>06006 – വൊക്കേഷണൽ ഹയർ സെക്കണ്ടറി |
| 3. | വിദ്യാഭ്യാസ ഉപജില്ല | നെടുംകണ്ടം |
| 4. | വിദ്യാഭ്യാസ ജില്ല | കട്ടപ്പന |
| 5. | റവന്യൂ ജില്ല | ഇടുക്കി |
| 6. | ഗ്രാമപഞ്ചായത്ത് | നെടുംകണ്ടം |
| 7. | ബ്ലോക്ക് പഞ്ചായത്ത് | നെടുംകണ്ടം |
| 8. | ജില്ലാ പഞ്ചായത്ത് | ഇടുക്കി |
| 9. | നിയമസഭാമണ്ഡലം | ഉടുമ്പൻചോല |
| 10. | ലോകസഭാമണ്ഡലം | ഇടുക്കി |
| 11. | താലൂക്ക് | ഉടുമ്പൻചോല |
| 12. | വില്ലേജ് | കൽക്കൂന്തൽ |
| 13. | ഇ – മെയിൽ | gvhssndkm@gmail.com<br>ghssndkm1@gmail.com<br>gvhssnedumkandom@vhscthrissur.org |

# ഉള്ളടക്കം

1. ആമുഖം
2. ലക്ഷ്യങ്ങൾ
3. വിദ്യാലയത്തിന്റെ ലഘുചരിത്രം
4. വിദ്യാലയം മികവിന്റെ കേന്ദ്രം – കാഴ്ചപ്പാട്
5. പദ്ധതി രൂപീകരണ പ്രക്രിയ – വിവിധ ഘട്ടങ്ങൾ
6. നിലവിലെ അവസ്ഥാ വിശകലനം
7. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ – ഒറ്റ നോട്ടത്തിൽ
8. പദ്ധതി വിശദാംശങ്ങൾ
   (മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം, ചുമതല, സാമ്പത്തിക വിശകലനം)
9. പ്രതീക്ഷിത നേട്ടങ്ങൾ
10. മോണിറ്ററിംഗ്
11. ഉപസംഹാരം

അനുബന്ധം

1. വിദ്യാലയത്തിന്റെ സ്കെച്ച്, സൈറ്റ് പ്ലാൻ, ജൈവവൈവിധ്യ പാർക്ക് രൂപരേഖ
2. മികവുകൾ, നേട്ടങ്ങൾ (നടപ്പുവർഷം, മുൻവർഷം)
3. കുട്ടികളുടെ എണ്ണം – മുൻ വർഷങ്ങളിൽ
4. എസ്.എസ്.എ./ആർ.എം.എസ്.എ. പദ്ധതിക്കായി തയ്യാറാക്കിയ വിവിധ പട്ടികകൾ
5. നിലവിലുള്ള കമ്മിറ്റികൾ – അംഗങ്ങളുടെ പട്ടിക

# ആമുഖം

മലയോര മേഖലയിലെ വിദ്യാഭ്യാസ പിന്നാക്ക അവസ്ഥ പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ, ഇടുക്കി ജില്ലയിൽ ഉടുമ്പൻചോല താലൂക്കാസ്ഥാനമായ നെടുംകണ്ടത്ത് 1974 –ൽ ഈ സർക്കാർ ഹൈസ്കൂൾ പ്രവർത്തനമാരംഭിച്ചു. നെടുംകണ്ടം, ഉടുംമ്പൻചോല പാമ്പാടും പാറ ഇരട്ടയാർ പഞ്ചായത്തുകളിലെ കുട്ടികൾക്ക് ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് ആശ്രയ കേന്ദ്രമായിരുന്ന ഈ വിദ്യാലയം കഴിഞ്ഞ 43 വർഷത്തെ മാതൃകാപ്രവർത്തനങ്ങളുടെ ഫല മായി പൊതുവിദ്യാഭ്യാസത്തിന്റെ മുഖ്യധാരയിൽ സ്ഥാനം നേടിയിട്ടുണ്ട്.

തൊഴിലധിഷ്ഠിത വിദ്യാഭ്യാസം കുട്ടികളിലെത്തിക്കുവാൻ ലക്ഷ്യമിട്ടുകൊണ്ട് വൊക്കേ ഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾ ആരംഭിച്ച 1990 – 91–ൽ നമ്മുടെ സ്കൂളും വൊക്കേഷണൽ ഹയർ സെക്കണ്ടറിയായി ഉയർത്തപ്പെട്ടു. ഇലക്ട്രോണിക്സ്, ഇലക്ട്രി ക്കൽ എന്നീ ബാച്ചുകൾ വൊക്കേഷണൽ ഹയർ സെക്കണ്ടറിയുടെ ഭാഗമായി ഇപ്പോൾ പ്രവർത്തിക്കുന്നു.

താലൂക്ക് ആസ്ഥാനമായ നെടുംകണ്ടത്ത് സർക്കാർ, എയ്ഡഡ് മേഖലയിൽ ഒരു ഹയർസെക്കണ്ടറി സ്കൂൾ ഇല്ല എന്ന പോരായ്മ പരിഹരിച്ചുകൊണ്ട് 2014 – 15 അധ്യായന വർഷത്തിൽ നമ്മുടെ സ്കൂളിൽ ഹയർസെക്കണ്ടറി വിഭാഗം പ്രവർത്തനമാരംഭിച്ചു. കൊമേഴ്സ് സയൻസ് വിഭാഗങ്ങളിലായി രണ്ടു ബാച്ചുകളാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്.

ഹൈസ്കൂൾ , ഹയർസെക്കന്ററി ,വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗങ്ങൾ ഒരു സമുച്ചയമായി ഇപ്പോൾ പ്രവർത്തിക്കുന്നു. ഈ പ്രദേശത്തെ സാധാരണക്കാരായ രക്ഷി താക്കളെ സംബന്ധിച്ചിടത്തോളം ഇതൊരുനുഗ്രഹമാണ്. 8–ാം ക്ലാസ്സിൽ ചേരുന്ന കുട്ടിക്ക് ഹയർസെക്കണ്ടറി വരെ ഒരു കേന്ദ്രത്തിൽത്തന്നെ തുടരാം എന്നുള്ളതും വൊക്കേഷണൽ വിഷയങ്ങൾ ഐഛികമായി എടുക്കാമെന്നുള്ളതും എടുത്തുപറയേണ്ട പ്രത്യേകതയാണ്.

# ഗവ. ഹൈസ്കൂൾ നെടുംകണ്ടം.

നെടുംകണ്ടം ഗവ. ഹൈസ്കൂൾ സ്ഥാപിതമായിട്ട് അരനൂറ്റാണ്ട് പിന്നിടുന്നു. മലയോര മേഖലയായ നെടുംകണ്ടത്ത് 1974-ൽ ആണ് സ്കൂൾ പ്രവർത്തനമാരംഭിച്ചത്. സാധാരണക്കാരായ പ്രദേശവാസികൾക്ക് ഏക ആശ്രയമായിരുന്നു ഈ സരസ്വതി ക്ഷേത്രം. ചോർന്നൊലിയ്ക്കുന്ന ഓലക്കെട്ടിടമായിരുന്നു അന്നത്തെ പള്ളിക്കൂടം.

ഇന്ന് നെടുംകണ്ടത്തെ സ്വകാര്യ-വിദ്യാഭ്യാസ സ്ഥാപനങ്ങളോട് മത്സരിയ്ക്കുന്ന ഭൗതിക സാഹചര്യങ്ങളോടെ സ്കൂൾ തലയുയർത്തി നിൽക്കുന്നു. ത്രിതല പഞ്ചായത്തുകളും, കടന്നു പോയ സംവത്സരങ്ങളിൽ ഈ വിജ്ഞാനകേന്ദ്രത്തിന് വിളക്കുകളായി പ്രവർത്തിച്ച ഗുരുശ്രേഷ്ഠരും അവരുടെ അനുഗ്രഹത്തിന് പാത്രമായ വിദ്യാർത്ഥികളും അഭ്യുദയകാംക്ഷികളും, തദ്ദേശീയരും അദ്ധ്യാപകരും സ്കൂൾ പി.ടി.എ യും എസ്.എം.സിയും കരുത്തും കൈത്താങ്ങുമായി സ്കൂളിനൊപ്പം ചേരുന്നു.

2005-ൽ കേരളാഗവൺമെന്റ് പ്രത്യേക പരിഗണന അർഹിയ്ക്കുന്ന സ്കൂളുകളിൽ നെടുംകണ്ടം ഗവ. ഹൈസ്കൂളും ഉൾപ്പെട്ടിരുന്നു. പിന്നീട് പടിപടിയായി SSLC റിസൾട്ട് ഉയർത്തി തുടർച്ചയായ വർഷങ്ങളിൽ 100% വിജയം നേടി.

സമീപവാസികളും കർമ്മോത്സുകരുമായ അദ്ധ്യാപകർ ഈ സരസ്വതി ക്ഷേത്രത്തിന്റെ മുഖച്ഛായ മാറ്റിയെടുത്തു. പുതിയ കർമ്മപദ്ധതികൾ ആസൂത്രണം ചെയ്തു. 8, 9, 10 ക്ലാസ്സുകൾ ഈരണ്ടു ഡിവിഷനുകൾ മാത്രമാണ് ഉണ്ടായിരുന്നത്. ഇത് നാല് വീതം ഡിവിഷനുകളിലേയ്ക്ക് എത്തിയ്ക്കുവാൻ കഴിഞ്ഞു.

സമീപത്തെ സ്വകാര്യ അൺ-എയ്ഡഡ് മലയാളം മീഡിയം, സി. ബി. എസ്. ഇ, ഐ. സി. എസ്. സി സ്കൂളുകൾ ഇവയോട് മത്സരിച്ച് നിൽക്കുന്നത് ഏറെ ശ്രമകരമാണ്. ഭൗതിക സാഹചര്യങ്ങൾ ഇന്നു കാണുന്ന നിലയിലേയ്ക്ക് എത്തുവാൻ പി. ടി. എയോട് ചേർന്ന് നിരന്തര ശ്രമങ്ങളാണ് അദ്ധ്യാപകർ നടത്തിയത്. രാപകലില്ലാതെ വിശ്രമമില്ലാതെ പണിയെടുത്തു.

കലോത്സവങ്ങളിലും കായികമേളകളിലും കുട്ടികൾ തിളക്കമാർന്ന വിജയങ്ങൾ നേടി. മേളകളിൽ, ശാസ്ത്രമേള, പ്രവൃത്തിപരിചയമേള, ഗണിതശാസ്ത്ര മേള, IT മേള ഇവയിലെല്ലാം സ്കൂളിന്റെ ഖ്യാതി സംസ്ഥാന തലത്തിലെത്തിച്ചു.

സംസ്ഥാന കലോത്സവത്തിൽ ഇത്തവണയും 4 ഇനങ്ങളിലായി 8 കുട്ടികൾ പങ്കെടുത്ത് A ഗ്രേഡ് നേടിയെടുത്തു.

# വിദ്യാലയ ശാക്തീകരണം

## പി.റ്റി.എ

വികസനകാര്യങ്ങളിലും അക്കാദമിക് കാര്യങ്ങളിലും വേണ്ട ശ്രദ്ധയും പരിഗണനയുമുള്ള അദ്ധ്യാപകരക്ഷാകർത്തൃ സമിതിയുടെ പ്രവർത്തനവും നേതൃത്വവും സ്കൂളിനൊരു മുതൽക്കൂട്ടാണ്. ഭൗതികസാഹചര്യങ്ങൾ ഒരുക്കുന്നതിലും ഗുണപരമായ പഠനാന്തരീക്ഷം സൃഷ്ടിക്കുന്നതിലും പി.റ്റി.എ വിജയകരമായി പ്രവർത്തിക്കുന്നു. ഇതുകൂടാതെ സ്കൂൾ മാനേജ്മെന്റ് കമ്മറ്റി (SMC), സ്കൂൾ മാനേജ്മെന്റ് & ഡവലപ്മെന്റ് കമ്മറ്റി (SMDC), പൂർവ്വവിദ്യാർത്ഥിസംഘടന എന്നിവയും മാതൃകാപരമായി പ്രവർത്തിക്കുന്നുണ്ട്.

പൊതുസമൂഹം ശ്രദ്ധിക്കുന്നവിധത്തിൽ വിജയങ്ങളും അംഗീകാരങ്ങളും കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളതിനാലും മാതൃകാപരമായ പ്രവർത്തങ്ങളിലൂടെ അക്കാദമിക്ക് മികവ് തെളിയിച്ചിട്ടുള്ളതിനാലും രക്ഷിതാക്കൾക്ക് നമ്മുടെ വിദ്യാലയത്തോട് പൊതുവെ മതിപ്പുണ്ട്. ചുറ്റുപാടുമുള്ള അൺഎയ്ഡഡ് CBSE സ്കൂളുകളുടെ സമ്മർദ്ദതന്ത്രങ്ങൾക്കിടയിലും കൂടുതൽ കുട്ടികൾ ഈ വിദ്യാലയത്തിൽ പ്രവേശനം നേടുന്നുണ്ട്. പൊതുവേ സർക്കാർ വിദ്യാലയങ്ങളിൽ മുൻവർഷങ്ങളിൽ കുട്ടികൾ കുറയുന്നു, ഡിവിഷനും തസ്തികകളും നഷ്ടപ്പെടുന്നു തുടങ്ങിയ പരാതികൾ കേൾക്കവെ, ഈ മാതൃകാ വിദ്യാലയത്തിൽ കഴിഞ്ഞ കുറെ വർഷങ്ങളായി കുട്ടികൾ ഏറിവരുന്നു, ഡിവിഷനുകൾ കൂടുന്നു, തസ്തികകൾ പുതുതായി അനുവദിക്കപ്പെടുന്നു. ഏതു പ്രതിസന്ധിഘട്ടത്തെയും കൂട്ടായ്മയിലൂടെയും കഠിനാദ്ധ്വാനത്തിലൂടെയും മറികടക്കാം എന്നതിന്റെ തെളിവാണ് നമ്മുടെ വിദ്യാലയത്തിനു ലഭിക്കുന്ന ജനസമ്മിതിയും അംഗീകാരവും.

### ഇപ്പോൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രതിസന്ധികൾ

1. 1974-ൽ ആണ് ഹൈസ്കൂൾ വിഭാഗം പ്രവർത്തനം തുടങ്ങിയത് തുടർന്ന് VHS,HSS വിഭാഗങ്ങൾ ആരംഭിച്ചു. ഈ സാഹചര്യത്തിൽ ആവശ്യമായ ക്ലാസ്സ് മുറികൾ പുതുതായി ലഭ്യമായിട്ടില്ല. ഹയർസെക്കണ്ടറിയ്ക്ക് ആവശ്യമായ ലാബ് , ക്ലാസ്സ്മുറി സൗകര്യത്തോടെയുള്ള പുതിയ കെട്ടിടസമുച്ചയം പൂർത്തീകരിക്കണം. ലാബ്, ലൈബ്രറി,കമ്പ്യൂട്ടർലാബ് തുടങ്ങിയവ ഇനിയും ഒരുക്കിയിട്ടില്ല. ഹൈസ്കൂളിലെ പരിമിതമായ സൗകര്യങ്ങളുടെ പങ്കുപറ്റിയാണ് ഇപ്പൊഴും ഹയർസെക്കണ്ടറി പ്രവർത്തിക്കുന്നത്.

2. ഹയർസെക്കണ്ടറിയിൽ അധ്യാപക തസ്തികകൾ അംഗീകരിച്ച് സ്ഥിര അദ്ധ്യാപകരെ നിയമിച്ചിട്ടില്ല എന്നുള്ളത് ഇപ്പോഴുള്ള ഒരു പ്രധാന പ്രതിസന്ധിയാണ്.

3. HS,VHS,HSSവിഭാഗങ്ങളിലായി 677 കുട്ടികൾ പഠിയ്ക്കുന്ന ഈ സ്ഥാപനത്തിൽ ഇപ്പോഴും ഒരു പൊതു അസംബ്ലിഹാൾ ഇല്ല. പൊതുപരിപാടികൾക്കനുയോജ്യമായ ഒരു ഓഡിറ്റോറിയം എന്ന സ്വപ്നം ഇനിയും ബാക്കിയാണ്. ജില്ലാപഞ്ചായത്തന്റെ ഈ വർഷത്തെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി ഓഡിറ്റോറിയം നിർമ്മാണത്തിന് 15 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. അടുത്ത പ്രവർത്തനവർഷത്തിൽ ഓഡിറ്റോറിയം പൂർത്തിയാകും എന്ന് കരുതപ്പെടുന്നു.

4. ആധുനീക സജ്ജീകരണങ്ങളുള്ള ഒരു അടുക്കളയും ഭക്ഷണശാലയും ഇല്ല എന്നുള്ളത് ഗുണമേന്മയുള്ള ഉച്ചഭക്ഷണം, വൃത്തിയായ ചുറ്റുപാടിൽ നൽകുക എന്ന ലക്ഷ്യത്തിന് ഇന്നും ഒരു വെല്ലുവിളിയാണ്. ബഹു: വൈദ്യുതി വകുപ്പു മന്ത്രിക്ക് പി.റ്റി. എ. നൽകിയ നിവേദനത്തിന്റെ ഫലമായി അടുത്തവർഷത്തെ പദ്ധതിയിൽപ്പെടുത്തി പുതിയ പാചകശാല ഉടൻ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

5. മലയോര മേഖലയായതിനാൽ വിശേഷിച്ചും യാത്രാസൗകര്യങ്ങൾ പരിമിതമാണ്. പല കുട്ടികൾക്കും സമയത്ത് സ്കൂളിലെത്തിച്ചേരുവാൻ കഴിയുന്നില്ല. യാത്രാസൗകര്യമൊരുക്കുവാൻ രക്ഷിതാക്കൾക്ക് വൻ സാമ്പത്തികബാധ്യത വരുന്നു. സ്ക്കൂൾബസ്സുകൾ ആവശ്യത്തിന് ഉണ്ടായാൽ ഇനിയും കുട്ടികൾ ഇവിടെ വർദ്ധിക്കും. സ്ക്കൂൾബസ്സ് ഇല്ല എന്നുള്ള തുതന്നെയാണ് ഇന്നത്തെ ഒരു പ്രധാന പ്രതിസന്ധി. ഉടുമ്പൻചോല എം.എൽ.എ. കൂടിയായ വൈദ്യുതി വകുപ്പു മന്ത്രി ശ്രീ. എം.എം. മണി അവർകളുടെ വികസന ഫണ്ടിൽ നിന്ന് നമ്മുടെ സ്ക്കൂളിനും ഇപ്പോൾ ഒരു സ്ക്കൂൾ ബസ്സ് അനുവദിച്ചിട്ടുണ്ട്. അടുത്ത പ്രവർത്തനവർഷം ഈ ബസ്സ് ഓടിത്തുടങ്ങും.

6. ചുറ്റുപാടും മുളച്ചുപൊന്തിയിട്ടുള്ള അൺഎയ്ഡഡ് സ്വകാര്യ വിദ്യാലയങ്ങൾ ഒരു വലിയ വെല്ലുവിളിയാണ്. അവരുടെ സമ്മർദ്ദങ്ങൾ, മതപരമായ കെട്ടുപാടുകൾ ഇവയൊക്കെ രക്ഷിതാക്കളെ മനസ്സില്ലാമനസ്സോടെയാണെങ്കിലും മറിച്ചു തീരുമാനിക്കുവാൻ നിർബന്ധിതരാക്കുന്ന ഒരുസാഹചര്യവും നിലവിലുണ്ട്.

## പൊതു ലക്ഷ്യങ്ങൾ

1. നമ്മുടെ വിദ്യാലയത്തെ ഈ പരിസരത്തുള്ള ഏറ്റവും മികച്ച വിദ്യാലയമാക്കുവാനുള്ള പ്രവർത്തനങ്ങൾ തുടരും.

2. പ്രാദേശികമായ രക്ഷാകർതൃസദസ്സുകൾ വിളിച്ചു ചേർത്ത് പൊതുവിദ്യാഭ്യാസത്തിന്റെ മേന്മകൾ വിശദീകരിച്ചുകൊണ്ട്, അൺഎയ്ഡഡ് – സ്വകാര്യസ്ക്കൂളുകളിലേക്കുള്ള കുട്ടികളുടെ പോക്കു തടയും.

3. SMC,PTA,MPTA പൂർവ്വവിദ്യാർത്ഥി സംഗമങ്ങൾ, വിദ്യാലയ വികസനസമിതി എന്നിവയിലൂടെ സാമൂഹികപങ്കാളിത്തം ഉറപ്പാക്കും.

4. അവസരതുല്യത, സാമൂഹ്യനീതി, ഗുണമേന്മ, എന്നിവ ഉറപ്പാക്കിക്കൊണ്ടുള്ള പഠനപരിസരവും അന്തരീക്ഷവും വികസിപ്പിച്ചെടുത്ത്, മുഴുവൻ കുട്ടികൾക്കും അറിവിന്റെ ഉന്നത തലങ്ങളിലെത്തുവാനുള്ള പഠന അവസരങ്ങൾ ലഭ്യമാക്കും.

5. എട്ടുമുതൽ 12–ാം ക്ലാസ്സുവരെ എല്ലാക്കുട്ടികളെയും വിജയിപ്പിയ്ക്കുകയും സാമൂഹ്യ – കുടുംബ പ്രശ്നങ്ങളിൽ ഉചിതമായി ഇടപെടുകയും ചെയ്തുകൊണ്ട് കൊഴിഞ്ഞുപോക്ക് ഇല്ലാത്ത അവസ്ഥ സൃഷ്ടിക്കും.

6. എല്ലാ കുട്ടികളും മലയാളം – ഇംഗ്ലീഷ് – ഹിന്ദി എന്നീഭാഷകൾ സംസാരിക്കുവാനും എഴുതുവാനുമുള്ള കഴിവു നേടുന്നുണ്ടെന്ന് ഉറപ്പുവരുത്തും.

7. കുട്ടികളിൽ സർഗ്ഗശേഷിവികസിപ്പിക്കുന്നതിന് ആവശ്യമായ മാർഗ്ഗരേഖ തയ്യാറാക്കി പരിശീലനം നൽകും.

8. എല്ലാ കുട്ടികളും അതാതു ക്ലാസ്സുകളിൽ നേടേണ്ട പഠന ലക്ഷ്യങ്ങൾ കൈവരിച്ചു എന്നുറപ്പാക്കുവാനുതകുന്ന നവീന മൂല്യനിർണ്ണയ ഉപാധികൾ ആവിഷ്കരിക്കും.

9. മാർഗ്ഗരേഖയ്ക്കനുസരിച്ച് വിദ്യാലയ വികസനസമിതി രൂപീകരിച്ച്, പ്രവർത്തനങ്ങൾ ചിട്ടയായി സംഘടിപ്പിക്കും.

10. എല്ലാകുട്ടികൾക്കും പോഷകസമൃദ്ധമായ ഉച്ചഭക്ഷണം ഉറപ്പാക്കും. ഇതിനുവേണ്ടി സർക്കാർ ഫണ്ടിന് പുറമെ വ്യക്തികൾ, സംഘടനകൾ, സ്വകാര്യ ഏജൻസികൾ എന്നിവരുടെ സഹായം ഉറപ്പാക്കും.

11. കമ്പ്യൂട്ടർ അധിഷ്ഠിത വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ഉറപ്പാക്കുന്ന വിധത്തിൽ ക്ലാസ്സ് റൂമുകളും കമ്പ്യൂട്ടർ ലാബുകളും സജ്ജമാക്കും.

12. ഭിന്നശേഷിക്കാർക്കുള്ള പ്രത്യേക പരിഗണന/പ്രതിഭകൾക്കുള്ള പഠനപദ്ധതി ഇവ ആവിഷ്കരിച്ചു നടപ്പാക്കും.

13. നവപ്രഭ, മലയാളത്തിളക്കം, ശ്രദ്ധ എന്നീ പദ്ധതികൾ സമയബന്ധിതമായും കുറ്റമറ്റരീതിയിലും നടപ്പാക്കും.

14. സ്കൗട്ട് & ഗയിഡ്,NCC,SPC, ഇവയുടെ യൂണിറ്റുകൾ വിദ്യാലയത്തിൽ ആരംഭിയ്ക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കും.

15. വോട്ടവകാശം ലഭിയ്ക്കുന്ന പ്രായത്തിൽത്തന്നെ തൊഴിൽ ചെയ്യാനുള്ള കഴിവുകൂടി വികസിപ്പിച്ചെടുക്കുന്ന തരത്തിൽ – വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ സ്കിൽ ഡവലപ്മെന്റ് പരിപാടി അവതരിപ്പിക്കും.

16. അന്വേഷണാത്മക പഠനരീതി പ്രോത്സാഹിപ്പിക്കുവാനുതകുന്നതരത്തിൽ സ്കൂൾ വായന ശാല – ലബോറട്ടറി എന്നിവ ആധുനികവൽക്കരിക്കും.

17. ജനാധിപത്യശീലങ്ങൾ സാംശീകരിക്കുന്നതിന് നേതൃപാടവം, പരസ്പരബഹുമാനം, തിന്മകൾക്കെതിരെയുള്ള നിലപാടു സ്വീകരിക്കൽ എന്നിവ പരിഗണിക്കുന്ന വിദ്യാലയ സംസ്കാരം രൂപപ്പെടുത്തും.

18. സ്കൂൾ പരിസരത്ത് , മദ്യം,പുകയില,മയക്കുമരുന്ന് തുടങ്ങിയവയുടെ ലഭ്യത ഇല്ലാതെയാക്കുവാനുള്ള നടപടികൾ ജനകീയ സഹകരണത്തോടെ സ്വീകരിക്കും. കുട്ടികളിലും രക്ഷിതാക്കളിലും പൊതുവെ സമൂഹത്തിലും ലഹരി വിരുദ്ധ മനോഭാവം വളർത്തും.

19. സ്കൂൾ ആരോഗ്യവിദ്യാഭ്യാസത്തിനു മാർഗ്ഗരേഖ തയ്യാറാക്കും. പ്രചരണ ബോധവൽക്കരണപരിപാടികൾ സംഘടിപ്പിക്കും. പ്ലാസ്റ്റിക് ഉല്പന്നങ്ങൾ ശേഖരിച്ചു സംസ്കരിക്കുവാനുള്ള ക്രമീകരണം നടത്തും. പൊതുവെ പ്ലാസ്റ്റിക് വിമുക്ത – കീടനാശിനിമുക്ത – ലഹരിവിമുക്ത കാമ്പസ് യാഥാർത്ഥ്യമാക്കും.

20. കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുന്നതിന്റെ ഭാഗമായി ശാസ്ത്രീയ കൃഷിരീതികൾ പരിശീലിപ്പിച്ച് കാർഷിക ആഭിമുഖ്യമുണ്ടാക്കും.

21. മുഴുവൻ ക്ലാസ്സ്മുറികളും ഹൈടെക് ആക്കുവാനുള്ള നടപടികൾ സ്വീകരിക്കും. നാല് ക്ലാസ് മുറികൾ ഈ വർഷംതന്നെ ഹൈടെക് ആക്കി മാറ്റിയിട്ടുണ്ട്. ബാക്കിയുള്ളവ അടുത്ത ജൂണിന് മുൻപ് പൂർത്തീകരിക്കും. ഐ.ടി. അധിഷ്ഠിത പഠനസാമഗ്രികൾ വികസിപ്പിക്കുന്നതിലും ഉപയോഗിക്കുന്നതിനും അദ്ധ്യാപകരെ പ്രാപ്തരാക്കും.

22. പരിസ്ഥിതിസംരക്ഷണ–പരിസ്ഥിതിപഠന പ്രവർത്തങ്ങളിൽ മാതൃക സൃഷ്ടിക്കും.

23. കുട്ടികളുടെ മാനസിക സംഘർഷത്തിനും പിരിമുറുക്കത്തിനും അയവു വരുത്തുവാനുതകുന്ന രീതിയിൽ ശാസ്ത്രീയ അടിത്തറയുള്ള കൗൺസിലിംഗ് രീതികൾ ഏർപ്പെടുത്തും.

24. എല്ലാ ക്ലബ്ബുകളുടെയും പ്രവർത്തനം കൂടുതൽ ഊർജ്ജസ്വലമാക്കും. എല്ലാ കുട്ടികളെയും ക്ലബ് പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുകയും പഠന മനോഭാവം വളർത്തിയെടുക്കുകയും ചെയ്യും.

25. സ്കൂൾ സുരക്ഷയുടെ ഭാഗമായി,ചുറ്റുമതിൽ,ഗേറ്റ് കാവൽ ഏർപ്പെടുത്തും. സ്കൂൾ പരിസരത്ത് നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കും. അതിക്രമിച്ചു കടന്ന് നാശനഷ്ടങ്ങൾ ഉണ്ടാക്കുന്ന സാമൂഹ്യവിരുദ്ധർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിക്കും.

## Area - English language learning

| Aim | Activity | Period | Assigned by | Expense |
|---|---|---|---|---|
| Listening. Gives ample opportunities for listening. | Teachers give opportunities for listening to stories, news, etc... | Once a week. | English teachers | Nil |
| Speaking. Gives ample opportunities for speaking. | Teacher gives a topic in the class and asks children to speak 2-3 minutes about it. Encourages students to speak in English in the class. | Twice a week. | English teachers | Nil |
| Reading. Gives ample opportunities for reading: | Teacher lets students read English newspapers. Encourages students to read English story books from the library. | Once a week. | English teachers | Nil |
| Writing. Gives ample opportunities for speaking. | Teacher gives a topic and asks to write a story on it. Teacher gives some lines of a poem and asks students to add more lines. | Once a week. | English teachers | Nil |
| Comprehension. | Teachers ask students to listen to a short story or a news segment and then answer questions to check their understanding | Once a week | English teachers | Nil |

| | | | | |
|---|---|---|---|---|
| Vocabulary Building. | Teachers introduce new words each week and ask students to use them in sentences. A vocabulary quiz can be conducted at the end of each month. | Once a week | English teachers | Nil |
| Grammar Practice. | Teachers provide exercises on different grammar topics such as tenses, prepositions, conjunctions, etc. | Once a week | English teachers | Nil |
| Pronunciation Improvement | Teachers familiarize children with correct pronunciation of the words. Students practice difficult sounds and words, and participate in speaking exercises. | Once a week | English teachers | Nil |
| Group Discussions | Teachers organize group discussions on various topics. Students are divided into small groups and each group presents their views on the topic. | Once a week | English teachers | Nil |
| English film festival. | Organize an English Film Festival where students watch | Once a month | English club | Nil |

| | | | | |
|---|---|---|---|---|
| | selected English movies or short films. | | | |

# ACADEMIC MASTER PLAN

മേഖല – ഹൈസ്കൂൾ – സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| • അന്ധരായ കുട്ടികൾക്കിടെ: …ുങ്ങൾ, …ജ്ഞാന …ിർമിക്കുന്ന …പാടവം …ന്നിവ പരി- …പോഷിപ്പിക്കുക | ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ചു കൊടുക്കുവാൻ അവസരം നൽകുന്നു. മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞു കൊടുത്ത് കുട്ടികളെ കൊണ്ട് മോഡൽ നിർമ്മിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |
| | പാഠങ്ങളുമായി ബന്ധപ്പെട്ട വസ്തുക്കളുടെ പ്രദർശനം. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| | ക്ലാസുകളിൽ ലഘു പ്രോജക്ട് കൊടുത്ത് മെച്ചപ്പെട്ടത് സ്കൂളിൽ പൊതുവേദിയിൽ അവതരിപ്പിക്കുന്നു | അക്കാദമിക വർഷം | " സയൻസ് അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| : ശാസ്ത്ര ലോകത്തേക്ക്: നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു. | ക്ലാസ്സുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച് ചർച്ച ചെയ്ത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |
| | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം 1 തവണ | സയൻസ് അധ്യാപകർ | സയൻസ് ക്ലബ് |
| | ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം 1 തവണ. | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്. |
| 3. ഹൈടെക് ലാബ്: മാനവികതയിൽ ഊന്നിയുള്ള ശാസ്ത്ര ബോധം വളർത്തുക | ക്ലാസ്സുകളിൽ ശാസ്ത്ര ലൈബ്രറി, ശാസ്ത്ര മാസിക പ്രസിദ്ധീകരണം | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |
| | സയൻസ് ലാബ്, ഐ.ടി ലാബ് എന്നിവ ആധുനിക വൽക്കരിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിഭവം |
|---|---|---|---|---|
| 4. ആരോഗ്യരേഖ: പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തൽ | കുട്ടികളുടെ ആരോഗ്യരേഖ സൂക്ഷിക്കുന്നു | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |
| | തണൽ വൃക്ഷങ്ങൾ നട്ട് പിടിപ്പിക്കൽ, ഉള്ള സൗകര്യത്തിൽ ഔഷധത്തോട്ടം പച്ചക്കറി തോട്ടം എന്നിവ നിർമ്മിക്കൽ | അക്കാദമിക വർഷം | ആരോഗ്യ ക്ലബ്ബ് ഹരിതസേന സീഡ് | കൃഷിവകുപ്പ് ഹരിതസേന സീഡ് |
| | സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ് | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | |
| 5. വൈജ്ഞാനിക വിസ്ഫുരണം: അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ, നേരറിവ് നേടൽ | പുതുപുത്തൻ സാങ്കേതിക വിദ്യയുടെ പുത്തൻ കണ്ടെത്തലുകളെ പരിചയപ്പെടുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | |
| | സംസ്ഥാന ദേശീയ തലത്തിലുള്ള ക്വിസ്, സെമിനാർ, പ്രോജക്ട് മുതലായവയിൽ പങ്കെടുക്കുന്നു | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | രക്ഷിതാക്കൾ |
| | ശാസ്ത്രകാരന്മാരുമായി സംവദിക്കൽ | അക്കാദമിക വർഷം 1 തവണ | സയൻസ് ക്ലബ്ബ് | പി.ടി.എ. |

Suleh

# അക്കാദമിക് മാസ്റ്റർ പ്ലാൻ – ഹിന്ദി

| | |
|---|---|
| ലക്ഷ്യം | ① അക്ഷരം അറിയൽ:-<br>8, 9, 10 ക്ലാസ്സുകളിൽ അക്ഷരം അറിയൽ. ഹിന്ദി ഇഷ്ടപ്പെടാനും, അക്ഷരങ്ങൾ പരിചയപ്പെടുത്താനും അവസരം ഒരുക്കുക.<br>② ഹിന്ദി വായന:-<br>ഹിന്ദി തെറ്റു കൂടാതെ വായിക്കാനും എഴുതാനും പരിശീലിപ്പിക്കുക.<br>③ ഹിന്ദി സംസാരം:-<br>ഹിന്ദിയിൽ സംസാരിക്കുന്നതുള്ള കഴിവ് ഉണ്ടാക്കിയെടുക്കുക. നിത്യ ജീവിതത്തിൽ ഉപയോഗ പ്രദമായവ ഹിന്ദിയിൽ സംസാരിക്കാൻ അഭ്യസിപ്പിക്കുക. |
| പ്രവർത്തനങ്ങൾ | പുതിയ പാഠങ്ങളിൽ നിന്നും അക്ഷരങ്ങൾ മനസ്സിലാക്കി കൊടുക്കുക. വാക്കുകളുടെ അർത്ഥം കാണിക്കുക.<br>നിരന്തരം പുസ്തകം വായിപ്പിച്ച് വായനയിലേക്കു ആകർഷിക്കുന്നു. ഹിന്ദി മാത്രം മിക്കവാറും ക്ലാസ്സുകളിൽ ഉപയോഗിക്കും.<br>അവരുടെ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും.<br>കുട്ടികളെ ഹിന്ദി സംസാരിക്കാൻ പ്രേരിപ്പിക്കും. |

| | |
|---|---|
| | വായനയ്ക്ക്... ഹിന്ദി ടെക്സ്റ്റ് അധ്യാപകൻ വായിക്കും. കുട്ടികളെ ശ്രദ്ധയോടെ അത് ശരിയാക്കി വായിക്കും. Readery fight മത്സര വായന തെറ്റാതെ ആവർത്തിക്കാതെ ചാട്ടില്ലാതെ കൂടുതൽ വരി വായിക്കണം. ആ കുട്ടിയ്ക്ക് സമ്മാനം നൽകുന്നു. |
| കാലം | ജൂൺ – ഫെബ്രുവരി |
| ചുമതല | ഹിന്ദി അധ്യാപകൻ |
| | |

# അക്കാദമിക മാസ്റ്റർ പ്ലാൻ മലയാളം 2025-26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 1. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. ചിഹ്നം ഉറപ്പിക്കൽ<br>4. അക്ഷരകാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമിക്കുക<br>7. വാക്യങ്ങൾ നിർമിക്കുക<br>8. ചിത്രം - അടിക്കുറിപ്പ്<br>9. ചിത്രം - കഥയെഴുതൽ<br>10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്. | 3 മാസം<br>ജൂൺ,<br>ജൂലൈ<br>ആഗസ്റ്റ് | പുസ്തകങ്ങൾ<br>ചിത്രങ്ങൾ<br>കാർഡുകൾ<br>നോട്ട്ബുക്ക് | പി.ടി.എ<br>അധ്യാപകർ<br>അധ്യാപക-വിദ്യാർത്ഥികൾ |
| 2. കുട്ടികളെ മികച്ച വായനക്കാരാക്കുക | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2 സ്കൂൾ ലൈബ്രറി പ്രവർത്തനങ്ങൾ മികവുറ്റതാക്കൽ<br>3. ദിനപത്രവായന ശീലമാക്കൽ | 7 മാസം<br>ജൂലൈ —<br>ജനുവരി | ദിനപത്രങ്ങൾ<br>ക്ലാസ് ലൈബ്രറി | അധ്യാപകർ<br>പി.ടി.എ |

| | | | | |
|---|---|---|---|---|
| | 4. വായനോത്സവം സംഘടിപ്പിക്കൽ<br>5. പുസ്തക ചർച്ച<br>6. വായനാമത്സരം<br>7. വായനാക്കുറിപ്പ് പതിപ്പ്<br>8. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനങ്ങൾ<br>9. ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ വായന<br>10. ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ<br>11. ഇ-വായന | | സ്കൂൾ ലൈബ്രറി<br>ആനുകാലിക പ്രസിദ്ധീകരണങ്ങൾ<br>ഇന്റർനെറ്റ് | തിരഞ്ഞെടുത്ത വിദ്യാർത്ഥികൾ<br>അധ്യാപക വിദ്യാർത്ഥികൾ. |
| 3. കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക. | 1. എഴുത്തുകൂട്ടം രൂപീകരണം<br>2. പുസ്തക ചർച്ച<br>3. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>4. ചുവർ പത്രിക - പതിപ്പ്<br>5. സർഗസൃഷ്ടികൾ - പതിപ്പ്<br>6. വ്യക്തിഗത രചന<br>7. സംഘ രചന<br>8. സാഹിത്യ-സാംസ്കാരിക ചിത്രഗാലറി | 7 മാസം<br>ജൂലൈ-ജനുവരി | ലൈബ്രറി, പുസ്തകങ്ങൾ<br>ഫോട്ടോകൾ<br>ആനുകാലികങ്ങൾ | പി.ടി.എ<br>അധ്യാപകർ<br>അധ്യാപക-വിദ്യാർത്ഥികൾ |


| | | | | |
|---|---|---|---|---|
| | 4. വായനോത്സവം സംഘടിപ്പിക്കൽ<br>5. പുസ്തക ചർച്ച<br>6. വായനാമരം<br>7. വായനാക്കുറിപ്പ് പതിപ്പ്<br>8. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനങ്ങൾ<br>9. ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ വായന<br>10. ആസ്വാദനക്കുറിപ്പ് മത്സരങ്ങൾ<br>11. ഇ-വായന | | സ്കൂൾ ലൈബ്രറി<br>ആനുകാലിക പ്രസിദ്ധീകരണങ്ങൾ<br>ഇന്റർനെറ്റ് | നിരന്തരമുള്ള വിദ്യാർത്ഥികൾ<br>അധ്യാപക വിദ്യാർത്ഥികൾ. |
| 3. കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക. | 1. എഴുത്തുകൂട്ടം രൂപീകരണം<br>2. പുസ്തക ചർച്ച<br>3. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>4. ചുമർ പത്രിക - പതിപ്പ്<br>5. സർഗസൃഷ്ടികൾ - പതിപ്പ്<br>6. വ്യക്തിഗത രചന<br>7. സംഘ രചന<br>8. സാഹിത്യ-സാംസ്കാരിക ചിത്ര ഗാലറി | 7 മാസം<br>ജൂലൈ-ജനുവരി | ലൈബ്രറി, പുസ്തകങ്ങൾ<br>ഫോട്ടോകൾ<br>ആനുകാലികങ്ങൾ | പി.ടി.എ<br>അധ്യാപകർ<br>അധ്യാപക-വിദ്യാർത്ഥികൾ |

| | | | | |
|---|---|---|---|---|
| ഭാഷയിലെ അറിവുവികസിപ്പിക്കൽ പ്രാപ്തരാക്കൽ. | 1. പ്രസംഗ പരിശീലന കളരി<br>2. നാടകക്കളരി<br>3. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കൽ.<br>4. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ കേൾപ്പിക്കുന്നു<br>5. പ്രസംഗവേദികൾ സജ്ജമാക്കുന്നു<br>6. റേഡിയോ നാടകം, സ്റ്റേജ് നാടകം എന്നിവ കാണാനും കേൾക്കാനും അവസരം<br>7. പാഠഭാഗങ്ങളുടെ ദൃശ്യാവിഷ്കാരം.<br>8. കവിതാ പാരായണം.<br>9. ചർച്ചകൾ | 7 മാസം ജൂലൈ- ജനുവരി | പുസ്തകങ്ങൾ ഓഡിയോ വീഡിയോ | അധ്യാപകർ പരിശീലകർ അധ്യാപക-വിദ്യാർത്ഥികൾ. |

# Academic Master plan - Mathematics

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ആശയധാരണ. കൈവരിക്കൽ | Pretest, Worksheet, ചാർട്ട്. | ജൂൺ ആദ്യ ആഴ്ച | Teachers, gifted students | Teachers. |
| 2. ഗണിതലാബ് | ശില്പശാലയിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ | May - June | ഗണിതക്ലബ് സെക്രട്ടറി, Teachers, PTA | PTA, പൂർവ്വ-വിദ്യാർത്ഥികൾ. |
| 3. നിർമ്മാണപ്രവർത്തനങ്ങളിൽ ഏർപ്പെടുകവഴി, നിർമ്മിതിയിൽ ശേഷി കൈവരിക്കൽ. | Geometry box, cardboard, Fevicol, marker, Ruler, cutter, chart, colour paper ഇവ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ അധ്യാപകരുടെ നിർദ്ദേശം അനുസരിച്ച് ICT ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ | തുടർപ്രവർത്തനം. | അധ്യാപകർ gifted students | PTA, പൂർവ്വ-വിദ്യാർത്ഥികൾ സന്നദ്ധസംഘടനകൾ |
| 3. ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു | അക്കാദമിക വർഷത്തിൽ ഒന്ന് | അധ്യാപകർ PTA | PTA |
| 4. ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിതരൂപങ്ങൾ അറിവുകൾ ഇവ വിപുലപ്പെടൽ | ശില്പശാല നടത്തുന്നു. ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു | വർഷത്തിൽ ഒന്ന് | അധ്യാപകർ ഗണിത ക്ലബ്ബ് | P.TA |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 5. സംഖ്യാബോധം ഉണ്ടാക്കൽ | സംഖ്യാപഠനം | തുടർപ്രവർത്തനം | അധ്യാപകർ സംഖ്യാലവൻ | |
| 6. വലിയ ക്ലാസ്സ് മുതലുള്ള തുടർപഠനം സാധ്യമാക്കി കുട്ടികളിൽ അഭിമാനം വളർത്തുന്നു | വിദ്യാലയസമിതിയുടെ മികച്ച പ്രവർത്തനം ഇടപെടൽ, ചർച്ചകൾ, പഠനാനുഭവങ്ങൾ തുടങ്ങിയ കൂടിയ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു. | അക്കാദമിക വർഷം | വിദ്യാലയസമിതി അംഗങ്ങൾ, അധ്യാപകർ | PTA |
| 7. ഗണിതവിഭാഗത്തിന്റെ കുട്ടികളുടെ മികച്ച രചനകൾ | ഗണിതമേള - കുട്ടികളോടൊപ്പം സമീപപ്രദേശങ്ങളിലെ ഗണിത അധ്യാപകരും ചേർന്നുള്ള കൂട്ടായ്മ | ശനിയാഴ്ചകളിലും മറ്റ് അവധി ദിവസങ്ങളിലും | Teachers, പൂർവ്വ അധ്യാപകർ | Teachers PTA |
| 8. ഗണിതമത്സര വേദിയിലേക്ക്, മേളയിൽ ഉന്നത സ്ഥലത കൈവരിക്കൽ | ഗണിതക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ, മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | മാസത്തിലൊന്ന് | ക്ലബ്ബ് സെക്രട്ടറി അധ്യാപകർ | P.TA |
| 9. ഗണിതലാബ് | ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കുന്നു. | May June | അധ്യാപകർ ക്ലബ്ബ് സെക്രട്ടറി | P.TA |
| 10. രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | മാസത്തിൽ ഒരു പി.ടി.എ നടത്തുന്നു ചുമതലകൾ നൽകുന്നു. | അധ്യാപകർ അക്കാദമിക വർഷം | അധ്യാപകർ, PTA | P.T.A. |


Social Science
Academic Master Plan
N
E
W
S

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 1. ചരിത്രത്തെ ചരിത്രാവബോധം ഉള്ളവരാക്കുക ചരിത്ര ബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം മുഴുവനായി നടക്കുന്നു നിശ്ചിത തിയ്യതികളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2. ജനാധിപത്യം ഒരു ജീവിത ശൈലിയായി മാറ്റി എടുക്കുക പൗരബോധം ആത്മബോധം ഇവ വളർത്തുക | സ്കൂൾ പാർലമെന്റ്, വോട്ട് പാർലമെന്റ്, പൗരബോധം സാമൂഹ്യ സേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടക്കുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേക തിരഞ്ഞെടുത്ത ദിവസങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾകുട്ടികൾ [illegible] |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിഭവം |
| --- | --- | --- | --- | --- |
| 3 സാമൂഹ്യശാസ്ത്രത്തിൽ പരിശീലനം നിരീക്ഷണം വളർത്തുക | സാമൂഹ്യ ശാസ്ത്ര ലാബുകൾ കേന്ദ്രീകരിക്കുന്നു. ആകാശ കാഴ്ചകൾ കാണുക എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുന്നു | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | P.T.A |
| 4 മതേതരത്വം സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനങ്ങളിലൂടെ വളർത്തുക സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുത്തുക | സർവ്വേ, പ്രൊജക്ട് ചർച്ചകൾ സംവാദം ക്ലാസുകൾ അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സ്വതന്ത്ര വിലയിരുത്തൽ |
| --- | --- | --- | --- | --- |
| 5 ഭൂപട വായന കുട്ടികളിൽ വളർത്തുക സ്ഥലനിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം നേടുന്നു | ആത്മവിശ്വാസത്തെ പരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു. ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി സംവാദം എന്നിവയെ കുറിച്ച് വ്യക്തമായ ധാരണകൾ നൽകുന്നു. (ചരിത്ര സിനിമ പ്രദർശനം) വീഡിയോ പ്രദർശനം, പോസ്റ്ററുകൾ etc | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

Suleh

## ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കൂളിൽ നിന്ന് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ

1. മെഡിക്കൽ ക്യാമ്പിൽ പങ്കെടുപ്പിക്കുന്നു.
2. മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് ആവശ്യമായ കുട്ടികൾക്ക് 8–ാം ക്ലാസ്സിൽ നിന്ന് തന്നെ സർട്ടിഫിക്കറ്റ് വാങ്ങുന്നതിനുവേണ്ട സഹായങ്ങൾ നൽകുന്നു.
3. കാഴ്ച വൈകല്യമുള്ള കുട്ടികൾക്ക് പാഠപുസ്തകങ്ങൾ സന്നദ്ധസംഘടനകളുടെ സഹായത്തോടെ വലിയ അക്ഷരത്തിൽ അച്ചടിച്ച് നൽകുന്നു.
4. ടി.എൽ.എം. തയ്യാറാക്കുമ്പോൾ ഭിന്നശേഷിയുള്ള കുട്ടികളെയും കൂടി പരിഗണിച്ച് പഠനസാമഗ്രികൾ തയ്യാറാക്കുന്നു.
5. പഠന പ്രവർത്തനത്തിൽ റിസോഴ്സ് അധ്യാപികയുടെ സഹായത്തോടെ ഭിന്നശേഷി യുള്ള കുട്ടികൾക്ക് വേണ്ട സഹായം നൽകുന്നു.
6. പി. ടി. എ. , എസ്സ്. ആർ. ജി. മീറ്റിംഗുകളിൽ ഭിന്നശേഷിയുള്ള കുട്ടികളുടെ പഠന പുരോഗതി വിലയിരുത്തൽ
7. സഹപാഠികളുടെ സഹായത്തോടെ പ്രോജക്ട് അസൈൻമെന്റ് എന്നിവ എഴുതുന്നതി നുവേണ്ടസഹായങ്ങൾ നൽകുന്നു.
8. പഞ്ചായത്ത്, വിദ്യാഭ്യാസവകുപ്പ് എന്നിവിടങ്ങളിൽ നിന്ന് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ നൽകുന്നു.
9. ഭിന്നശേഷിയുള്ള കുട്ടികൾക്ക് എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്നതിനാവശ്യ മായ സഹായങ്ങൾ നൽകുന്നു.
10. ഇൻക്ലൂസിവ് കലോത്സവത്തിൽ പങ്കാളിത്തം ഭിന്നശേഷി കുട്ടികളുടെ ഉന്നമനത്തി നായി 3 വർഷംകൊണ്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ

1. റിസോഴ്സ് റൂം പുനക്രമീകരണം.
2. ഭിന്നശേഷിയുള്ള കുട്ടികൾക്ക് ആവശ്യമായ കമ്പ്യൂട്ടറുകൾ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ
3. താലൂക്ക് ആശുപത്രിയുമായി ചേർന്ന് മുഴുവൻ കുട്ടികളുടേയും കണ്ണ് പരിശോധന നടത്തി കണ്ണട ആവശ്യമുള്ള കുട്ടികൾക്ക് കണ്ണട വിതരണം ചെയ്യുന്നു.
4. ഭിന്നശേഷിയുള്ള കുട്ടികളുടെ മാതാപിതാക്കൾക്കുള്ള ബോധവൽക്കരണ പരിപാടി.
5. ഭിന്നശേഷിയുള്ള കുട്ടികൾക്കായി ജൈവവൈവിധ്യ പാർക്ക് നിർമ്മാണം.
6. കലാ – കായിക, ശാസ്ത്ര, പ്രവൃത്തിപരിചയമേളകളിൽ പങ്കാളിത്തം.

## പരിമിതികൾ

1. നെടുങ്കണ്ടം പഞ്ചായത്തിലെ ഏക സർക്കാർ വിദ്യാലയമായ ഈ സ്കൂളിൽ മലയോര മേഖലയിലെ കായികക്ഷമതയേറെയുള്ള കുട്ടികളാണ് പഠിക്കുന്നതെങ്കിലും രാജ്യസേവന അധിഷ്ഠിതവും പൗരബോധവും ലക്ഷ്യബോധവും ഉള്ള യുവതലമുറയെ വാർത്തെടുക്കാനുള്ള എൻസിസി യൂണിറ്റ് ആരംഭിക്കുന്നതിനുള്ള സത്വര നടപടികൾ അധികൃതർ സ്വീകരിക്കേണ്ടതാണ്.

2. കുട്ടികളിൽ ശാസ്ത്ര കൗതുകവും നിരീക്ഷണ പരീക്ഷണ ബുദ്ധിയും സംരംഭക ബോധവും വളർത്തുന്നതിന് ഉപകരിക്കുന്ന അടൽ തിങ്കറിംഗ് ലാബ് സജ്ജീകരിക്കേണ്ട ആവശ്യകത നിലനിൽക്കുന്നു. എച്ച്.എസ്.എസ്. വി.എച്ച്.എസ്.എസ്., എച്ച്. എസ്. വിഭാഗങ്ങളിലെ 700 ഓളം വിദ്യാർത്ഥികൾക്ക് ഇതിൻറെ പ്രയോജനം ലഭ്യമാകും.

3. ജലദൗർലഭ്യം ഏറെയുള്ള ഈ മേഖലയിൽ കുട്ടികൾക്ക് ആവശ്യമായ ശുദ്ധജലം യഥേഷ്ടം ലഭ്യം ആകാത്ത സാഹചര്യമുണ്ട് ഉപയോഗശൂന്യങ്ങൾ ആയിരിക്കുന്ന സാഹചര്യത്തിൽ സ്കൂളിൻറെ

സമീപപ്രദേശത്ത് ജലം സുലഭമായി ലഭിക്കുന്ന മേഖലയിൽ കിണർ കുഴിക്കാൻ ആവശ്യമായ സ്ഥലവും, അവിടെ ഒരു കിണറും, ഒരു പമ്പ് ഹൗസും, അവിടെനിന്ന് സ്കൂളിലേക്ക് പൈപ്പ് ലൈനും, ലഭ്യമാക്കുന്നതിന് ആവശ്യമായ സത്വരമായ നടപടികൾ സ്വീകരിക്കേണ്ടത് അനിവാര്യതയാണ്.

4. പിന്നോക്ക വിദ്യാഭ്യാസ മേഖലയിലെ കുട്ടികളുടെ വിദ്യാഭ്യാസത്തിൽ സംവിധാനങ്ങൾ കാര്യക്ഷമമായി ഇടപെടുന്നുണ്ടെങ്കിലും രക്ഷിതാക്കളുടെ നിസംഗത കുട്ടികളുടെ പഠന വൈകല്യങ്ങളുടെ ആക്കം കൂട്ടുന്നു.

## പ്രഖ്യാപിത ലക്ഷ്യങ്ങൾ

1. അന്വേഷണാത്മക പഠന രീതി സംരംഭകത്വം എന്നീ മേഖലകൾ പ്രോത്സാഹിപ്പിക്കാൻ ആകുന്ന തരത്തിൽ സ്കൂൾ വായനശാല ലബോറട്ടറി എന്നിവ ആധുനികവൽക്കരിക്കും.

2. സ്കൂൾ പരിസരത്ത് മദ്യം പുകയില മയക്കുമരുന്ന് തുടങ്ങിയവയുടെ ലഭ്യത ഇല്ലാതാക്കുവാനുള്ള നടപടികൾ ജനകീയ സഹകരണത്തോടെ സ്വീകരിക്കും. കുട്ടികളിലും രക്ഷിതാക്കളിലും പൊതുവേ സമൂഹത്തിലും ലഹരി വിരുദ്ധ മനോഭാവം എക്സൈസ് , പോലീസ് സേനാ വിഭാഗങ്ങളോടൊപ്പം ചേർന്ന് വളർത്താനുള്ള ശ്രമം നടത്തും.

3. സ്കൂൾ ആരോഗ്യ വിദ്യാഭ്യാസത്തിന് മാർഗരേഖ തയ്യാറാക്കും. പ്രചരണ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കും.

4. പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ ശേഖരിച്ച് സംസ്കരിക്കുവാനുള്ള ക്രമീകരണം നടത്തും. പ്ലാസ്റ്റിക് വിമുക്ത - കീടനാശിനി മുക്ത - ലഹരി വിമുക്ത ക്യാമ്പസ് യാഥാർത്ഥ്യമാക്കും.

5. കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുന്നതിന്റെ ഭാഗമായി ശാസ്ത്രീയ കൃഷി രീതികൾ പരിശീലിപ്പിച്ച് കാർഷിക ആഭിമുഖ്യം ഉണ്ടാക്കും.

6. പരിസ്ഥിതി സംരക്ഷണം - പരിസ്ഥിതി പഠന പ്രവർത്തനങ്ങളിൽ മാതൃക സൃഷ്ടിക്കും.

7. കുട്ടികളുടെ മാനസിക സംഘർഷത്തിന് പിരിമുറുക്കത്തിനും അയവു വരുത്താൻ ഉതകുന്ന രീതിയിൽ കൂടുതൽ ശക്തമായി കൗൺസിലിംഗ് സംവിധാനങ്ങൾ മെച്ചപ്പെടുത്തും.

8. എല്ലാ ക്ലബ്ബുകളുടെയും പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജസ്വലം ആക്കും. എല്ലാ കുട്ടികളുടെയും ക്ലബ് പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുകയും സംരംഭക മനോഭാവം വളർത്തിയെടുക്കുകയും ചെയ്യും.

9. സ്കൂൾ സുരക്ഷയുടെ ഭാഗമായി ഗേറ്റ് കാവൽ ഏർപ്പെടുത്തും. സ്കൂൾ പരിസരത്ത് കൂടുതൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കും. അതിക്രമിച്ച കടന്നു നാശനഷ്ടങ്ങൾ ഉണ്ടാക്കുന്ന സാമൂഹ്യവിരുദ്ധർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിക്കും

## അക്കാദമിക് തലത്തിൽ ചെയ്യാനുദ്ദേശിക്കുന്ന
## ഹ്രസ്വ – മധ്യമ – ദീർഘ – പരിപാടികൾ

** ലൈബ്രറി സംവിധാനം ആകർഷകമാക്കും. ലൈബ്രറിച്ചുമതല മലയാളം അധ്യാപകനെ ഏൽപ്പിക്കും. ആവശ്യമായ ഫണ്ട് പി.റ്റി.എ, ആർ, എം, എസ്, എ, ഗ്രാമപഞ്ചായത്ത്, സ്പോൺസർഷിപ്പ് എന്നിവയിലൂടെ കണ്ടെത്തും.

** എല്ലാ വിഷയത്തിന്റെയും ഓരോ യൂണിറ്റുമായും ബന്ധപ്പെട്ട് സമഗ്രാസൂത്രണം, സൂക്ഷ്മാസൂത്രണം എന്നിവ സമയബന്ധിതമായി പൂർത്തിയാക്കും.

** എല്ലാ കുട്ടികൾക്കും വായനയും എഴുത്തും ഉറപ്പുവരുത്തും.

** സർഗ്ഗാത്മക പ്രകടനങ്ങൾക്കുള്ള അവസരങ്ങൾ പരിപോഷിപ്പിക്കും.

** ക്ലാസിൽത്തന്നെ ശാസ്ത്രവിഷയങ്ങൾ കൂടുതൽ മനസിലാക്കുന്നതിനായി പരീക്ഷണങ്ങൾ നടത്തും.

** പഠനയാത്രകൾ സംഘടിപ്പിക്കും.

** പഠനം സുഗമമാക്കുന്നതിനായി വിവിധ വ

ിഷയങ്ങൾക്ക് ഐ.സി.റ്റി സാധ്യതകൾ പ്രയോജനപ്പെടുത്തും.

** പഠനം ആർഷകമാക്കുന്നതിനായി പുതിയ ആപ്ലിക്കേഷൻ സോഫ്റ്റ്വെയറുകൾ വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്തും.

** വിവിധ ക്ലബ് പ്രവർത്തനങ്ങൾ സജീവമായി നടത്തും.

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പൊതുലക്ഷ്യങ്ങൾ

** കട്ടികളിൽ നിന്നും ശേഖരിക്കുന്ന പഠനാനുബന്ധ പുസ്തകങ്ങൾ ഉപയോഗിച്ച് ഒരു ക്ലാസ്സും ലൈബ്രറി,

** വായന പ്രോത്സാഹിപ്പിക്കുന്നതിന് വൈവിധ്യമാർന്ന അവസരമൊരുക്കും ( കൈയെഴുത്ത് മാസിക നിർമ്മാണം, സാഹിത്യരചനാ മത്സരങ്ങൾ )

** പിറന്നാളിന് ഒരു പുസ്തകം ക്ലാസ് ലൈബ്രറിയ്ക്ക് പദ്ധതി.

** സമയാനുസൃതമായി വിവിധ വിഷയങ്ങൾക്ക് ലാബ് പരിശീലനം നൽകി വരുന്നു.

** പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് കൂടുതൽ സമയം കണ്ടെത്തി ലാബ് പരിശീലനം നൽകും.

** പരിസ്ഥിതിബോധം കുട്ടികളിൽ വളർത്തുന്നതിനായി ജൈവ പച്ചക്കറിത്തോട്ടം നിർമ്മിക്കും.

** സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഉന്നമനത്തിനായി വിവിധ സ്കോളർഷിപ്പുകൾ നൽകിവരുന്നു. ( മൗലാന ആസാദ്, സ്നേഹപൂർവ്വം ബി.പി.എൽ കാറ്റഗറി, പോസ്റ്റ് മെട്രിക്, വിവിധ സംഘടനകൾ തുടങ്ങിയവരുടെ സ്കോളർഷിപ്പുകൾ)

** വിദ്യാർത്ഥികളുടെ ഭവന സന്ദർശനം നടത്തും.

** പാഠ്യേതര പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സ്കൂൾ ശാസ്ത്രമേളകൾ നടത്തുകയും ജില്ല സംസ്ഥാനതല മത്സരങ്ങൾക്കായി കുട്ടികളെ പരിശീലിപ്പിക്കുകയും ചെയ്യുന്നു.

** കൗമാരപ്രായത്തിലുള്ള കുട്ടികളുടെ വ്യക്തിത്വ വികസന ക്ലാസ്സുകളും മോട്ടിവേഷൻ ക്ലാസ്സുകളും, കൗൺസിലിങ്ങും വളരെ ഊർജ്ജിതമായി നടത്തും. ( സ്ത്രീ സുരക്ഷ, ലഹരി വിമുക്ത വിദ്യാലയം )

** സേവനപ്രവർത്തനങ്ങൾ – ആശ്രിതർക്ക് ഒരു കൈത്താങ്ങ് പോലുള്ള പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കും.

** ഹരിത വിദ്യാലയം – പ്ലാസ്റ്റിക് രഹിത, മാലിന്യ വിമുക്ത വിദ്യാലയം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കും.

** ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ

** പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ കൊണ്ടുവരുന്നതിനായി – റെമെഡിയൽ ടീച്ചിംങ് – നൽകും.

** പഠന – പാഠ്യേതര പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തും.

** പ്രവേശനോത്സവത്തിലും, ദേശീയ ദിനാഘോഷങ്ങളിലും പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തും.

## നന്ദിപൂർവ്വം ....................oooo!

നെടുംകണ്ടം മേഖലയിലെ സാധാരണ ജനങ്ങൾക്ക്

മുഖ്യആശ്രയകേന്ദ്രമാണ് ഈ സർക്കാർ വിദ്യാലയം.

ഇതിന്റെ സർവ്വതോന്മുഖമായ പുരോഗതി

നാടിന്റെ ഉണർവിനും ഉയർച്ചയ്ക്കും ഉപകരിക്കും.

പ്രദേശത്തെ മുഴുവൻ രക്ഷിതാക്കളെയും

കുട്ടികളെയും ഇവിടേയ്ക്ക് ആകർഷിക്കണം.

അതിനുള്ള നൂതനപദ്ധതികളാണ്

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ

ഭാഗമായി ഈ മാസ്റ്റർ പ്ലാനിൽ

ഉൾക്കൊള്ളിച്ചിരിക്കുന്നത്.

പി.ടി.എ. , ത്രിതല പഞ്ചായത്തുകൾ, സാമൂഹ്യപ്രവർത്തകർ

പൂർവ്വ വിദ്യാർത്ഥികൾ എല്ലാവരും ചേർന്നുള്ള

കൂട്ടായ പരിശ്രമത്തിലൂടെ ഇത് സാദ്ധ്യമാകാം.

അങ്ങനെ ഈ പ്രദേശത്തെ പൊതു

വിദ്യാഭ്യാസത്തിന്റെ മുഖ്യധാരയിൽ നമുക്കെത്തിച്ചേരാം

ഈ കരടുരേഖ നിങ്ങളുടെ വിലയിരുത്തലിനും

നിർദ്ദേശങ്ങൾക്കുമായി സമർപ്പിക്കുന്നു.